LIBRARY ARCHIVES Kerala Legislative Assembly

ഹെക്ടർ ഭൂമി പൊന്നുംവിലയ്ക്ക് എടുക്കേണ്ടതായിട്ടുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. 1-8-2012-ലെ ഉത്തരവുപ്രകാരം സർക്കാർ ബൈപ്പാസിന്റെ അലൈൻമെന്റ് അംഗീകരിക്കുകയും കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ അതിർത്തി നിർണ്ണയിക്കൽ ആരംഭിക്കുകയും ചെയ്തു. എന്നാൽ പെരുമ്പാവൂർ ജനറൽ മാർക്കറ്റിംഗ് ഫെഡറേഷൻ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത റിട്ട് പെറ്റീഷനിന്മേലുള്ള 1-10-2012-ലെ വിധി പ്രകാരം ഭൂമി ഏറ്റെടുക്കൽ പ്രവൃത്തി നിർത്തിവച്ചു. തുടർന്ന് 16-3-2013-ലെ സർക്കാർ ഉത്തരവ് പ്രകാരം അലൈൻമെന്റ് പുതുക്കി നിർണ്ണയിക്കുകയും ചെയ്തു. പ്രസ്തുത ഉത്തരവ് പ്രകാരം കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ പ്രവൃത്തി പുനരാരംഭിച്ചെങ്കിലും, പുതുക്കിയ അലൈൻമെന്റ് അവരുടെ സ്വത്ത് വകകളെ ബാധിക്കുമെന്ന് പറഞ്ഞ് രണ്ട് വ്യക്തികൾ നിയമ നടപടികൾ ആരംഭിക്കുകയുണ്ടായി. നടപടിക്രമങ്ങൾക്കിടയിലെ കാലതാമസംമൂലം ഭരണാനുമതിയുടെ കാലാവധി 31-3-2014-ൽ അവസാനിച്ചു. ജനപ്രതിനിധികളുടെ ആവശ്യപ്രകാരം ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ ബൈപ്പാസ് റോഡ് നിർമ്മാണത്തിനാവശ്യമായ ആകെ തുക ഉൾക്കൊള്ളിച്ചുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കാൻ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ നിലവിലുള്ള അലൈൻമെന്റ് സംബന്ധിച്ച് വീണ്ടും തർക്കങ്ങൾ ഉണ്ടായിട്ടുണ്ട്. ഇത് പരിഹരിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഭരണാനുമതി കാലാവധി അവസാനിച്ചത് റീവാലിഡേറ്റ് ചെയ്ത് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പദ്ധതി നടപ്പിലാക്കുന്നതാണ്. ബഹുമാനപ്പെട്ട എം.എൽ.എ. ആവശ്യപ്പെട്ടതനുസരിച്ചുള്ള ഉന്നതതല യോഗം ഉടനെ വിളിച്ചുചേർക്കുന്നതാണ്.

6. കളിമാട് പാലത്തിന് ഭരണാനുമതി

<u>ശ്രീ. പി. ടി. എ. റഹീം:</u> സർ, കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം നിയോജകമണ്ഡലവും മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി നിയോജകമണ്ഡലവും തമ്മിൽ ബന്ധിപ്പിക്കുന്ന കളിമാട് പാലം, 2002-ൽ പ്രൊപ്പോസൽ തയ്യാറാക്കി, 2004-ൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി നൽകി, 2006-ൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി, 2008-ൽ ഡിസൈൻ പൂർത്തിയാക്കി, 2012-ൽ അപ്രോച്ച് റോഡ് ഭൂമി സർക്കാരിലേയ്ക്ക് ലഭിച്ചു. ധാരാളമാളുകളുടെ വീട് പൊളിച്ചു മാറ്റുന്നതുൾപ്പെടെയുള്ള എല്ലാ പ്രവൃത്തിയും കഴിഞ്ഞു. ബഹുമാനപ്പെട്ട കെ. മുഹമ്മദുണ്ണി ഹാജി അദ്ദേഹത്തിന്റെ ആസ്തി വികസന ഫണ്ടിൽനിന്നും 2.29 കോടി രൂപ ചെലവഴിച്ച് രണ്ടുഭാഗത്തും മനോഹരമായ റോഡ് നിർമ്മിച്ചിട്ടുണ്ട്. ഇപ്പോൾ നാട്ടുകാർ സമരത്തിലാണ്, അവർ കോടതിയെ സമീപിക്കാനൊരുങ്ങുകയാണ്. അതുകൊണ്ട് അടിയന്തരമായി ഈ പാലത്തിന് ഭരണാനുമതി നൽകി പ്രവൃത്തി ആരംഭിക്കണമെന്നാണ് എന്റെ ആവശ്യം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, കോഴിക്കോട് ജില്ലയിലെ കളിമാട് പാലത്തിനുവേണ്ടി കോഴിക്കോട് ഭാഗത്തുള്ള സ്ഥലം ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് ലഭിച്ചിട്ടുണ്ട്. മലപ്പുറം ഭാഗത്തുള്ള സ്ഥലമെടുപ്പ് പൂർത്തിയായിട്ടില്ല. ഇതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. പാലത്തിന്റെ ഇൻവെസ്റ്റിഗേഷനും ഡിസൈനും പൂർത്തിയായിട്ടുണ്ട്. കളിമാട് പാലത്തിന്റെ മലപ്പുറം ഭാഗത്തുള്ള സ്ഥലമെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്കും ഫണ്ടിന്റെ ലഭ്യതയനുസരിച്ചും പാലം പണിക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

7. സി.എച്ച്.സി.ക്ക് ആവശ്യമായ തസ്തികകൾ

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, 1988-ൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തിയ കുമ്പളങ്ങി പ്രൈമറി ഹെൽത്ത് സെന്ററിലെ സ്റ്റാഫ് പാറ്റേൺ ഇപ്പോഴും പഴയതുപോലെതന്നെയാണ്. അവിടെ നേരത്തെ കിടത്തി ചികിത്സയുണ്ടായിരുന്നു. പക്ഷേ ഇപ്പോൾ സ്പെഷ്യലൈസേഷൻ വന്നതിനുശേഷം അതിനും കഴിയുന്നില്ല. അവിടെ ജനകീയ സമരം നടന്നുകൊണ്ടിരിക്കുകയാണ്. കൂടാതെ ഹൈക്കോടതിയിൽ കേസും കൊടുത്തിരിക്കുകയാണ്. അതുകൊണ്ട് അടിയന്തരമായി ഇക്കാര്യത്തിൽ ഗവൺമെന്റ് ഇടപെടണം. സി.എച്ച്.സി.-ക്ക് ആവശ്യമായ തസ്തികകൾ അനുവദിക്കണമെന്ന് ഞാനഭ്യർത്ഥിക്കുകയാണ്. സമരമുണ്ടായതിനുശേഷം അധികമായി രണ്ട് എൻ.ആർ.എച്ച്.എം. ഡോക്ടർമാരെ നിയോഗിച്ചതിന്റെ ഫലമായി ഇപ്പോൾ 24 മണിക്കൂറും ആശുപത്രി പ്രവർത്തിക്കുന്നുണ്ട്. പക്ഷെ അത് സ്ഥായിയായിട്ടുള്ളതല്ല എന്നതാണ് അവിടത്തെ സമരക്കാരുടെ നിലപാട്. അതുകൊണ്ട് അടിയന്തരമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന കുമ്പളങ്ങി ആശുപത്രി തുടർന്നും പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സ്റ്റാഫ് പാറ്റേൺ വേണം. ഇപ്പോൾ ഡോക്ടർമാർ 7 പേരുണ്ടെങ്കിലും നഴ്സ്മാരോ മറ്റ് തസ്തികകളോയില്ല. അതുകൊണ്ട് റീ-ഡിപ്ലോയ്മെന്റ് നടത്തിയെങ്കിലും ഇത് തുടർന്നുകൊണ്ടു പോകണം. എന്നുമാത്രമല്ല, ഈ ആശുപത്രി സി.എച്ച്.സി.യായി ഉയർത്തിയിട്ട് വളരെക്കാലമായിട്ടും അതിനനുസൃതമായി തസ്തികകൾ സൃഷ്ടിക്കാത്തത് ശരിയല്ല. അതുകൊണ്ട് സി.എച്ച്.സി.-ക്ക് ആവശ്യമായ പെർമനന്റ് തസ്തികകൾ സൃഷ്ടിക്കാൻ ഗവൺമെന്റ് മുന്നോട്ടു വരണമെന്നതാണ് എന്റെ ആവശ്യം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, സി.എച്ച്.സി.യായി ഉയർത്തിയ കുമ്പളങ്ങി ആരോഗ്യകേന്ദ്രത്തിൽ സി.എച്ച്.സി. നിലവാരത്തിലുള്ള തസ്തികകൾ സൃഷ്ടിച്ചിട്ടില്ലായെന്നുള്ളത് ശരിയാണ്. ഇവിടെ ശരാശരി ഒ.പി. 300-ഉം, ഐ.പി. 5-ൽ താഴെയുമാണ്. ഇവിടെ 30 കിടക്കകൾ അനുവദിച്ചിട്ടുണ്ട്. 4 ഡോക്ടർമാരുൾപ്പെടെ 34 തസ്തികകൾ നിലവിലുണ്ട്. കൂടാതെ, സമരങ്ങളും മറ്റ് പരിപാടികളും ആരംഭിച്ചതിനുശേഷം എൻ.എച്ച്.എം. മുഖേന 3 ഡോക്ടർമാരുടെ അധിക തസ്തികകൾ അനുവദിക്കുകയും ആ ഡോക്ടർമാർ ചുമതലയേറ്റെടുക്കുകയും അവരുടെ സേവനം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഈ സ്ഥാപനത്തിന്റെ 5 കിലോമീറ്റർ ചുറ്റളവിൽ കണ്ടകടവ് പി.എച്ച്.സി., പള്ളുരുത്തി

LIBRARY ARCHIVES Kerala Legislative Assembly